

വി. ഗീവർഗീസ് സഹദ ഞങ്ങൾക്ക് വേണ്ടി അപേക്ഷിക്കേണമേ...

# Index


Vicar's Message ................................... 2

Article .......................................................... 4

Bible Crossword .....................................6

Bible Quiz ................................................ 8

Announcements.......................................10

Events Photos........................................ 11



# Vicar's Message

## അപ്പോസ്തോലിക ദാനം (*Continued from March edition*)

അപ്പോസ്തോലൻ ഒരു തള്ളവിരൽ പോലെ പ്രവർത്തിക്കുന്നു, അതിന് എല്ലാ വിരലുകളുമായി ബന്ധപ്പെടുവാൻ കഴിയും, സ്പർശിക്കുവാൻ കഴിയും. അപ്പോസ്തോലിക ശുശ്രൂഷ മറ്റെല്ലാ ശുശ്രൂഷകളേയും ഉത്ബുദ്ധമാക്കുകയും സജ്ജമാക്കുകയും ചെയ്യുന്നു. അപ്പോസ്തോലൻ സകലത്തേയും നിയന്ത്രിക്കുന്നു. പ്രവാചകൻ ചൂണ്ടുവിരൽപോലെ പ്രവർത്തിക്കുന്നു. ശരിയായ ദിശ ചൂണ്ടിക്കാണിക്കുവാൻ അദ്ദേഹത്തിനു സാധിക്കുന്നു. കാരണം പരിശുദ്ധാത്മാവ് എല്ലാം മുന്നമേ വെളിപ്പെടുത്തി കൊടുക്കുന്നു. മദ്ധ്യത്തിലെ വിരൽ നീളമുള്ളതാകയാൽ സുവിശേഷകനെ സൂചിപ്പിക്കുന്നു. അവർ വചന വാഹകരാണ്. മോതിരവിരൽ പാശ്ചാത്യ സംസ്കാരത്തിൽ പാസ്റ്ററെ സൂചിപ്പിക്കുന്നു. നാലാമത്തെ വിരലായ മോതിരവിരൽ മൂന്നാമത്തെ വിരലിനേക്കാൾ താരതമ്യേന നീളം കുറഞ്ഞതാണ് എങ്കിലും താണതരമല്ല. മറ്റുള്ളവർ വളരേണം ഞാനോ കുറയേണം എന്ന മനോഭാവമാണിതിനു ള്ളത്. കരുതുന്ന സ്വഭാവമാണ് പാസ്റ്റർക്കുള്ളത്. അവസാനമായി ഏറ്റവും ചെറിയ വിരൽ ഉപദേഷ്ടാക്കന്മാരെ സൂചിപ്പിക്കുന്നു. ഇത് ഏറ്റവും ചെറുത് എന്നു തോന്നിയാലും മറ്റുള്ളവിരലുകളെ ബാലൻസ് ചെയ്യുന്നതിൽ നിർണ്ണായകമായ സ്ഥാനം വഹിക്കുന്നു. ഗിറ്റാറും പിയാനോയും വായിക്കണമെങ്കിൽ ഈ വിരൽ അനിവാര്യമാണ്. ആയതിനാൽ ഉപദേഷ്ടാക്കന്മാരുടെ ശുശ്രൂഷ എന്നത് അടിസ്ഥാനം ഇടുക എന്നതാണ്. ഐക്യതയിൽ ഏകലക്ഷ്യത്തോട് പ്രവർത്തിക്കുമ്പോഴാണ് കരത്തിന്റെ കാര്യക്ഷമത പ്രകടമാകുന്നത്. സംഗീത ഉപകരണങ്ങൾ വായിക്കുമ്പോഴും, ബേസ് ബോൾ കളിക്കുമ്പോഴും മറ്റേതൊരു പ്രവൃത്തി നടത്തുമ്പോഴും വിരലുകൾ എല്ലാം ഒന്നിച്ചു പ്രവർത്തിക്കുന്നു. ഹസ്തദാനം ചെയ്യുമ്പോഴും വിരലുകൾ ഒന്നിച്ചു പ്രവർത്തിക്കുന്നതായി കാണുവാൻ കഴിയും. കൈകളിലുള്ള നാഡികളുടെ ഘടനയും ഏകോപിച്ചിരിക്കുന്നത് ഒരു പ്രത്യേക രീതിയിലാണ്. കൈകളിലുള്ള നാഡീഞരമ്പുകളുടെ ക്രമീകരണം തന്നെ മറ്റെല്ലാ അവയവങ്ങളെക്കാൾ സങ്കീർണ്ണമാണ്. എന്നാൽ അഞ്ചുവിരലുകളും നിയന്ത്രിക്കപ്പെടുന്നതും ശിരസ്സാലാണ്. അഞ്ചുവിധ ശുശ്രൂഷകളെക്കുറിച്ച് നമുക്ക് ഓരോന്നോരാന്നായി ചിന്തിക്കാം.

**ഒന്നാമതായി അപ്പോസ്തോലൻ.**
അവൻ ചിലരെ അപ്പോസ്തോലന്മാരായി നിയമിച്ചു. സ്വർഗ്ഗീയവും ഭൗമികവുമായ ഗവൺമെന്റിന്റെ തലപ്പത്തായി അപ്പോസ്തോലിക ശുശ്രൂഷ നിലകൊള്ളുന്നു (1 കൊരി. 12:28). 'അപ്പോസ്തോലോസ്' എന്നതാണ് അപ്പോസ്തോലന്റെ ഗ്രീക്ക് പദം. ശ്രദ്ധിക്കുക ബഹുവചനത്തിലാണ് ഈ ശുശ്രൂഷകളെല്ലാം രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഏകവചനത്തിൽ ഇവ ഉപയോഗിച്ചിരിക്കുന്നത് യേശുവിനോടുള്ള ബന്ധത്തിൽ മാത്രമാണ്. "നാം സ്വീകരിച്ചു പറയുന്ന അപ്പോസ്തോലനും മഹാപുരോഹിത"നുമെന്നു യേശുവിനെക്കുറിച്ചു എബ്രായ ലേഖനത്തിൽ പരാമർശിച്ചിരിക്കുന്നു (എബ്രാ. 3:1). ഈ ശുശ്രൂഷകളെല്ലാം ക്രിസ്തുവെന്ന തലയുടെ കീഴിലാണ് നടക്കുന്നത്. മറ്റുള്ളവരിൽ ഒരാളെന്ന രീതിയിൽ താൻ ക്രിസ്തുവിന്റെ ഒരപ്പോസ്തോലനാണെന്ന് പൗലോസ് അവകാശപ്പെടുന്നുണ്ട്.

അപ്പോസ്റ്റെല്ലോ എന്ന ഗ്രീക്കുപദം രണ്ടുപദത്തിൽ നിന്നുമാണ് ഉരുത്തിരിഞ്ഞു വന്നിരിക്കുന്നത്, അപ്പോ – അകലെ + സ്റ്റെല്ലോ – അയയ്ക്കുക. ചുരുക്കത്തിൽ ഒരു പ്രത്യേക ദൗത്യത്തിനായി അയയ്ക്കപ്പെടുക. അധികാരിയാലാണ്

അയയ്ക്കപ്പെടുന്നത്. എല്ലാ ശുശ്രൂഷകളും ദൈവത്താലാണ് നടക്കപ്പെടുന്നതെങ്കിലും അപ്പോസ്തോലിക ശുശ്രൂഷയിൽ പ്രത്യേക ദൗത്യം ഉൾക്കൊണ്ടിരിക്കുന്നു. അപ്പോസ്തോലൻ ഒരു പശ്ചാത്തലത്തേക്ക് പോകുകയും അടിസ്ഥാനവും ഭരണക്രമവും ഇല്ലാത്ത ഇടങ്ങളിൽ അവ ഇടുകയും ചെയ്യുന്നു. ലൗകിക നേതൃത്വമനുസരിച്ച് കീഴ്ജീവനക്കാർ മേൽജീവനക്കാരെ അനുസരിക്കുകയും ബഹുമതിക്കുകയും ചെയ്യണം. പെരുമാറ്റച്ചട്ടം അനുസരിക്കണം. എന്നാൽ കർത്താവ് പറയുന്നത് ശ്രദ്ധിക്കുക: ''നിങ്ങളിൽ വലിയവൻ ഇളയവനെപ്പോലെയും നായകൻ ശുശ്രൂഷിക്കുന്നവനെപ്പോലെയും ആകട്ടെ' (ലൂക്കൊ. 22:26). അപ്പോസ്തോലിക ശുശ്രൂഷയിൽ എത്രപേർ താഴേ തട്ടിലുണ്ടെന്നോ ഒപ്പത്തിനൊപ്പമുണ്ടെന്നോ എന്നത് ഒരു പ്രധാനപ്പെട്ട വിഷയമല്ല. ശരിയായ നേതൃത്വം കർത്തൃത്വം ചെയ്യുകയില്ല. പ്രത്യുത ഉയർത്തുക എന്നതാണ്.

(തുടരും)

**സ്നേഹപൂർവ്വം,**

**ക്രിസ്തുയേശുവിൽ,**

**നിങ്ങളുടെ സ്വന്തം നെടുങ്ങോട്ടിലച്ചൻ**



**അൻപത്തിരണ്ടാം ജന്മദിനം ആഘോഷിക്കുന്ന പരിശുദ്ധ മോറാന് ആശംസകൾ**

## Article



# പ്രാർത്ഥിക്കുക പ്രവർത്തിക്കുക

അമേരിക്ക എന്ന വിസ്മയലോകം കണ്ടുപിടിച്ച മഹാനായ Columbus കപ്പൽ യാത്രക്കുള്ള ഒരുക്കങ്ങൾ എല്ലാം പൂർത്തിയാക്കിയ ശേഷം ഒരു സന്യാസിനിയുടെ ഭവനത്തിൽ ചെന്നു തന്റെ യാത്ര ശുഭകരമാകുവാൻ വേണ്ടി പ്രാർത്ഥിക്കണം എന്നു അപേക്ഷിച്ചപ്പോൾ അവർ കൊടുത്ത മറുപടി ഇപ്രകാരമാണ്. "അങ്ങയുടെ ഈ സാഹസീക യാത്ര ദൈവത്തിനു വേണ്ടിയുള്ളതാണെങ്കിൽ അങ്ങ് അങ്ങയുടെ പങ്കു ചെയ്യുക. അപ്പോൾ ദൈവം തന്റെ പങ്ക് ചെയ്തുകൊള്ളും".

ഏതു പ്രവർത്തിയും വിജയത്തിലെത്തുവാൻ 2 കാര്യങ്ങൾ അനിവാര്യമാണ്. ഒന്നാമതായി പ്രാർത്ഥന. രണ്ടാമതായി വേണ്ടത് കഠിനാദ്ധ്വാനം. അദ്ധ്വാനം കൂടാതെ വിജയം സാധ്യമല്ല. 2ാം ലോകമഹായുദ്ധകാലത്ത് വെന്തു ചാമ്പലായ രാജ്യമാണ് ജപ്പാൻ . ഇന്ന് വ്യാവസായികമായി ഏററവും മുൻപന്തിയിൽ എത്തിയിരിക്കുന്നു. തകരാത്ത മനസ്സും കഠിനാദ്ധ്വാനവുമാണ് അവരുടെ ഉയർച്ചയ്ക്കു പിന്നിൽ.

പല കാര്യങ്ങളും നേടുന്നതിനു വേണ്ടി കഠിനമായി പ്രയത്നിക്കുന്നവരുണ്ട്. ഒരു പരിധിവരെ അതു വിജയ സോപാനത്തിൽ എത്തിച്ചേന്നു വരും. എന്നാൽ ശക്തമായ പ്രാർത്ഥന എന്നത് നാം പലപ്പോഴും വിസ്മരിക്കുന്നു. തൽക്ഷണം ഉത്തരം ലഭിച്ചില്ലെങ്കിൽ പ്രാർത്ഥന വിഫലമായിപോയെന്ന് നാം വിധിയെഴുതുന്നു. എല്ലാത്തിനും അതിന്റേതായ സമയം ഉണ്ട്. അതുവരെ കാത്തിരിക്കാനുള്ള ക്ഷമ നമുക്കുണ്ടാവണം . ഒരു ചെടി നട്ടാൽ അത് വളർന്നു ഫലം തരാൻ സമയമാവുക തന്നെ വേണം. പതറാത്ത നിശ്ചയ ദാർഢ്യത്തോടും മങ്ങിപ്പോകാത്ത വിശ്വാസ്ഥിരതയോടും കൂടി ദൈവത്തോട് ചേർന്നു നിന്നു നമ്മുടെ ഭാഗം നാം ചെയ്തു തീർക്കുമ്പോൾ ദൈവം അത് പൂർത്തിയാക്കുന്നു. "താൻ പാതി ദൈവം പാതി എന്നാണല്ലോ പഴമക്കാർ പറയുന്നത്".

രാവു മുഴുവൻ അദ്ധ്വാനിച്ചിട്ടും ഒന്നും ലഭിക്കാതെ നിരാശരായവരോട് യേശു പറഞ്ഞു "വലതു വശത്തേക്ക് നീക്കി വലയിടുക". അപ്രകാരം ചെയ്തപ്പോൾ വലനിറയെ മൽസ്യങ്ങൾ കിട്ടിയതായി വേദ പുസ്തകത്തിൽ നമുക്ക് കാണാം.

ദൈവത്തോട് ചേർന്ന് പ്രവർത്തിക്കുന്നതിന്റെ മഹാത്മ്യമാണ് ഇതിൽ നിന്നും നാം മനസിലാക്കേണ്ടത്

ശൂശൻ രാജധാനിയിലെ പാനപാത്ര വാഹകനായിരുന്ന നെഹമ്യാവിന്റെ അനുഭവം വി. വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് നമുക്ക് അറിയാവുന്നതാണ്. യെരുശലേമിന്റെ മതിലു പണിയുക എന്നതായിരുന്നു നെഹമ്യാവിന്റെ ഉത്തരവാദിത്തം. അനേക തടസങ്ങൾ തന്റെ മുൻപിൽ ഉണ്ടായിരുന്നിട്ടും തന്റെ തീരുമാനത്തിൽ ഉറച്ചു നിന്നു. മതിലു പണിയുക എന്നത് അത്ര എളുപ്പത്തിൽ നടക്കുന്ന കാര്യമല്ല. അദ്ദേഹം ഈ വിഷയം ദൈവ സന്നിധിയിൽ സമർപ്പിച്ച് കുറെ ദിവസങ്ങൾ ഉപവസിച്ച് പ്രാർത്ഥിച്ചതായി നമുക്ക് കാണാം. നെഹ. 1:4"ഈ വർത്തമാനം കേട്ടപ്പോൾ ഞാനിരുന്നു കരഞ്ഞു, കുറെ നാൾ ദുഖിച്ചും ഉപവസിച്ചും കൊണ്ട് സ്വർഗ്ഗത്തിലെ ദൈവത്തോട് ഞാൻ പ്രാർത്ഥിച്ചു". 2 ാം അദ്ധ്യായത്തിൽ രാജാവിന്റെ ഹൃദയത്തിൽ ദൈവം പ്രവർത്തിച്ച് അത്ഭുതമാർന്ന ചില വഴികളെക്കുറിച്ചും മതിലു പണിയുവാൻ രാജാവിന്റെ ഭാഗത്തു നിന്നും അനുഭാവ പൂർവ്വമായ ഒരു തീരുമാനം ഉണ്ടായതായും നാം വായിക്കുന്നു.

ഒരു വിഷയത്തിൽ നാം ഇടപെടുമ്പോൾ അപ്രതീക്ഷിതമായ തടസ്സങ്ങൾ ഉണ്ടാവുക സാധാരണമാണ്. ഒരു പക്ഷേ ഈ തടസ്സങ്ങൾ നമ്മെ ലക്ഷ്യത്തിൽ നിന്നും പിന്തിരിപ്പിക്കുന്നു. എന്നാൽ അവയെ നീക്കാൻ കഴിയുന്നവൻ ദൈവം മാത്രമാണ്. നമുക്ക് അസാധ്യമെന്ന് തോന്നുന്ന മണ്ഡലങ്ങൾ കാണുമ്പോൾ പകച്ചു നിൽക്കാതെ ദൈവത്തിൽ ആശ്രയിച്ചു മുന്നേറുകയാണ് വേണ്ടത്.

അദ്ധ്വാനിക്കുവനുള്ള കഴിവും ബലവും ആരോഗ്യവും എല്ലാം ദൈവം നമുക്ക് പ്രദാനം ചെയ്തിട്ടുണ്ട്. നാം അതു വേണ്ട വിധം ഉപയോഗിക്കാതെ പ്രാർത്ഥിച്ചതു കൊണ്ട് മാത്രം കാര്യമില്ല. ഒരു കുട്ടി ഒന്നും പഠിക്കതെ പരിക്ക്ഷയിൽ നല്ല രീതിയിൽ ഒരുങ്ങാതെ പ്രാർത്ഥിചതു കൊണ്ട് മാത്രം ആ കുട്ടി ജയിക്കുകയില്ല.


അദ്ധ്വാനത്തിന് പകരമുള്ളതല്ല പ്രാർത്ഥന അദ്ധ്വനിക്കുന്നവർക്കു വേണ്ടിയുള്ളതാണ്. പ്രാർത്ഥനയും പ്രവർത്തനവും ഒത്തുചേരണം. പ്രാർത്ഥനയോടുകൂടിയ പ്രവർത്തനവും പ്രവർത്തനത്തോടുകൂടിയ പ്രാർത്ഥനയും മാത്രമേ ഫലപ്രാപ്തിയിലെത്തു.

പരാജയങ്ങളും ഫലമണിയാത്ത പ്രവർത്തനങ്ങളും ജീവിതത്തിന്റെ ഭാഗമാണ്. അവിടെ പരാജയഭീതിയില്ലതെ സ്വന്തം ജോലി ദൈവസന്നിധിയിൽ അർപ്പിച്ചു പൂർത്തിയാക്കുക. ചിലപ്പോൾ അൽപ്പം കഴിഞ്ഞായിരിക്കും അതിന്റെ ഫലങ്ങൾ ലഭിക്കുക. എങ്കിലും നമ്മുടെ അദ്ധ്വാനമോ പ്രാർത്ഥനയോ മന്ദഗതിയിലാകരുത്. തീർച്ചയായും ഇന്നല്ലെങ്കിൽ നാളെ വിജയം ഉറപ്പ്.

SIGI LAL

# BIBLE CROSSWORD for May 2016

Reference Book Numbers Chapters 22-27



Name: ____________________

## Across

2. The land which Balak ruled?
4. Who was the father of Balak?
7. From which mount Moses saw the land of Canan?
8. Who was called to curse Israelites by Balak ?
10. Who killed an Israelite and a Midianite woman because of whoredom?

# Down

1. Name the Midianite woman who was killed by Phinehas?
3. Who was the wife of Amram?
4. Name the top part on the mount Pisgah?
5. Who was the daughter of Asher?
6. Name the non-Israelites king who called a prophet to curse his enemy?
9. Who was first of the nations?

*(Please deposit your answers before 26th May)*

## Answer to Bible Crossword - April 2016






*Congratulations.....*

**Chandy Joshua**

## Winners
### Bible Crossword April 2016

Aibel Rejan Varghese
Akhil Basil Paulose
Alaina Rejan Varghese
Alina Mahesh
Amal C Sunil
Chris V Binu
Don Sabu varkey
Fiyona Eby
Flemy Sara Eby
Johann Agith
Josna Lijo
Kamal Baby Paul
Kezia Baby Paul
Liya Sara Joseph
Mahal Mani Ulahannan
Merlin Mary
Milan Mani Mathew
Roshan Thomas
Sam Basil Paul
Seba Sara Baby
Sebine Scaria
Shruti Ann Isaac
Sneha Ann Roy
Sofia Paul

## ക്വിസ് നമ്പർ 4 മത്തായി 1 - 14

1. തങ്ങളുടെ പിതാവിന്റെ രാജ്യത്തിൽ ആരാണ് സൂര്യനെപ്പോലെ പ്രകാശിക്കുന്നത്?

2. ആരാണ് പള്ളികളിലും തെരുക്കോണുകളിലും നിന്നുകൊണ്ട് പ്രാർത്ഥിപ്പാൻ ഇഷ്ടപ്പെടുന്നത്?

3. അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും യേശുവിന്റെ അടുക്കൽ വന്നാൽ എന്ത് ലഭിക്കും?

4. യോഹന്നാൻ സ്നാപകൻ സർപ്പ സന്തതികളെ എന്ന് അതിസംബോധന ചെയ്തതാരെ?

5. ന്യായവിധിയിൽ ഈ തലമുറയോട് ഒന്നിച്ച് ഉയിർത്തെഴുന്നേററ് അതിനെ കുററം വിധിക്കുന്നതാര്?

6. ഓബേദിന്റെ മാതാപിതാക്കൾ ആരെല്ലാം?

7. ഇടയനില്ലാത്ത ആടുകളെപ്പോലെ കുഴഞ്ഞവരും ചിന്നിയവരുമായി യേശു ആരെയാണ് കണ്ടത്?

8. ഇപ്പോൾ സമ്മതിക്ക ആര് ആരോട് പറഞ്ഞു?

9. നാശത്തിലേക്കു പോകുന്ന വാതിലും, ജീവങ്കലേക്കു പോകുന്ന വാതിലും എങ്ങനെയുള്ളതാണ്?

10. യൗസേഫ് മറിയയേയും ശിശുവിനേയും കൂട്ടി ഓടിപ്പോയ സ്ഥലം?

11. എന്തെല്ലാം വിട്ടിട്ടാണ് യോഹന്നാനും അവന്റെ സഹോദരനായ യാക്കോബും യേശുവിന്റെ കൂടെ പോയത്?

12. നക്ഷത്രം കണ്ടതുകൊണ്ട് സന്തോഷിച്ചതാര്?

13. ധൂപകലശം എന്തിനെ കുറിക്കുന്നു?

14. ധൂപകലശത്തിലെ ചങ്ങലകളിലെ 12 മണികൾ എന്തിനെ സൂചിപ്പിക്കുന്നു?

15. നിങ്ങൾക്കെല്ലാവർക്കും സമാധാനം ഉണ്ടായിരിക്കട്ടെ എന്ന് വിശുദ്ധ കുർബാനയിൽ പട്ടക്കാരൻ എത്ര പ്രാവശ്യം പറയുന്നു?

*(ദയവായി ഉത്തരങ്ങൾ* **May 26** *ന് മുൻപായി ബോക്സിൽ നിക്ഷേപിക്കുക)*

## Quiz No : 3

### Choose the correct Answer

| | | |
|---|---|---|
| 1. | നോക്കൂ ആരോടും പറയരുത്. | ദൂതൻ |
| 2. | ഈ നിതിമാൻെറ രക്തത്തിൽ എനിക്കു കുറ്റം ഇല്ല. | ശതാധിപനോട് |
| 3. | കൈ പിടിച്ചു. | യെരിഹോവിലെ രണ്ടു കുരുടന്മാർ |
| 4. | കർത്താവേ ദാവീദുപുത്രാ ഞങ്ങളോടു കരുണ തോന്നണമെ. | കുഷ്ഠരോഗി |
| 5. | ഇനി ഉറങ്ങി ആശ്വസിച്ചു കൊൾവിൻ. | കനാന്യ സ്ത്രീ |
| 6. | പോക, നീ വിശ്വസിച്ചതുപോലെ നിനക്കു ഭവിക്കട്ടെ. | പത്രാസിൻെറ അമ്മ |
| 7. | കർത്താവേ എന്നെ രക്ഷിക്കേണമേ. | പക്ഷപാതക്കാരനോട് |
| 8. | അവൻ ഇവിടെ ഇല്ല. | ചന്ദ്രരോഗിയായ ബാലൻെറ പിതാവ് |
| 9. | ദൈവപുത്രാ ഞങ്ങൾക്കും നിനക്കും തമ്മിൽ എന്ത്. | രണ്ടു കുരുടന്മാർ |
| 10. | അവൻ അവളുടെ കൈ തൊട്ടു. | രക്തസ്രാവമുള്ളൊരു സ്ത്രീ |
| 11. | കർത്താവേ എൻെറ മകനോടു കരുണയുണ്ടാകേണമേ. | പത്രോസ് |
| 12. | നിൻെറ പാപങ്ങൾ മോചിച്ചു തന്നിരിക്കുന്നു. | പ്രമാണിയുടെ മകൾ |
| 13. | കർത്താവേ എന്നെ സഹായിക്കേണമേ. | പീലാത്തോസ് |
| 14. | നിൻെറ വിശ്വാസം നിന്നെ രക്ഷിച്ചു. | രണ്ടു ഭുതഗ്രസ്തർ |
| 15. | നോക്കുവിൻ ആരും അറിയരുത്. | ശിഷ്യന്മാർ |

## Winners - Quiz No. 3

Aleyamma Thomas
Ansa Thomas
Beena Mathew
Bisy Eby
Gincy Eldhose
Jeeba Shaj
Jismol Jayan
Joji Susan Mani

Jolly
Lali Chandy Joshua
Lissy Paulose
Moly Baby
Sheeba Roy
Sheeja Paulson
Sheela Manoj
Shini Varkey

Siji Paul
Sosamma Scaria
Suja Lijo
Suni .T. Philip
Sunitha Aby
Synu Deena Varghese



*Congratulations.....*

**Usha Achenkunju**

# Announcements

1.പുതിയ parish directory പ്രസിദ്ധീകരിക്കുന്നതിനായി എല്ലാവരും തങ്ങളുടെ details പൂരിപ്പിച്ച് ഓഫീസിൽ എല്പ്പിക്കേണ്ടതാണ്

2. മെയ് 20 ന് വനിതാസമാജം ബൈബിൾ ക്വിസ് നടത്തുന്നു.

3. നമ്മുടെ പള്ളിയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന **BLOOD DONATION** ക്യാംമ്പൈൻ മെയ് 6 വെള്ളിയാഴ്ച രാവിലെ വിശുദ്ധ കുർബാനക്കു ശേഷം **സൽമാനിയ ഹോസ്പിറ്റൽ ബ്ലഡ് ബാങ്കിൽ** വച്ചു നടത്തപ്പെടുന്നു. എല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

## <u>അനുശോചനം</u>

നമ്മുടെ മെമ്പർ ആയ ശ്രീ. Baby Paul ന്റെ മാതാവ് കർത്താവിൽ നിദ്രപ്രാപിച്ച വിവരം വ്യസനസമേതം അറിയിക്കുന്നു. പരേതാത്മാവിന്റെ നിത്യ ശാന്തിക്കായി പ്രാർത്ഥിക്കുന്നതോടോപ്പം സന്തപ്ത കുടുംബാംഗങ്ങളെ ഇടവകയുടെ അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

---

## പരിശുദ്ധ അബ്ദുൽ ജലീൽ ബാവ പെരുന്നാൾ ഓഹരി എടുത്തവർ

1. George





Paravur Bawa nercha preparation







Cardiac Awarness programe










**Medical camp conducted by Youth Association**



**Health checkup by Medical Wing**